**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4569** **18.05.2017 ൽ മറുപടിയ്ക്ക്**

**അണ്ടർ 17 ലോകകപ്പ് ഫുട്ബാൾ മത്സരവേദി**

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | കേരളത്തിൽ നടക്കുന്ന അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സരവേദിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് വരെയായെന്ന് വിശദമാക്കാമോ; | എ) | കേരളത്തിൽ നടക്കുന്ന അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സരവേദിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. നാലു പരിശീലന ഗ്രൗണ്ടുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. |
| ബി) | സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു നൽകേണ്ട സമയത്തിനകം പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമോ; ഈ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാരിന്റെ ഇടപെടൽ വിശദമാക്കാമോ; | ബി) | മത്സരവേദിയായ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മെയ് 15-ാം തീയതിയ്ക്കുള്ളിലും 4 പരിശീലന ഗ്രൗണ്ടുകളുടെ നിർമ്മാണം മെയ് 31-ാം തീയതിയ്ക്കുള്ളിലും പൂർത്തീകരിക്കാനാണ് ഫിഫ നിഷ്കർഷിച്ചിട്ടുള്ളത്. സമയ പരിധിയ്ക്കുള്ളിൽ തന്നെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കും. ബഹു.മുഖ്യമന്ത്രിയും, കായിക വകുപ്പ് മന്ത്രിയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും വിവിധ ഘട്ടങ്ങളിൽ സ്ഥലം സന്ദർശിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 28.04.2017 ൽ കേന്ദ്ര കായിക വകുപ്പ് മന്ത്രി ശ്രീ.വിജയ് ഗോയലിന്റെ സന്ദർശനവേളയിൽ ബഹു.കേരള മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. ബഹു.മുഖ്യമന്ത്രിയുടെ തീരുമാനമനുസരിച്ച് എല്ലാ ദിവസവും രാവിലെ 9.30 ന് ജി.സി.ഡി.എ ചെയർമാൻ, നോഡൽ ഓഫീസർ, ജില്ലാ കളക്ടർ, ബന്ധപ്പെട്ട എഞ്ചിനീയർമാർ, കരാറുകാർ എന്നിവർ യോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നുണ്ട്. സമയബന്ധിതമായി തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കും |

| | | | |
|---|---|---|---|
| സി) | സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഏജൻസിയാണ് ഏറ്റെടുത്ത് നടത്തുന്നത് എന്നറിയിക്കാമോ? | സി) | ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിന്റെ നിർമ്മാണം ജി.സി.ഡി.എ യും, മഹാരാജാസ് കോളേജ് ഗ്രൗണ്ട്, ഫോർട്ട് കൊച്ചി വെളി ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണം പൊതുമരാമത്തു വകുപ്പിന്റെ എറണാകുളം ബിൽഡിംഗ്സ് ഡിവിഷനും, ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ട് നിർമ്മാണം കിറ്റ്കോയും, പനമ്പിള്ളി നഗർ സ്പോർട്സ് അക്കാദമി ഗ്രൗണ്ടിന്റെ നിർമ്മാണം കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ സിവിൽ വിഭാഗവും ആണ് ഏറ്റെടുത്ത് നടത്തുന്നത്. |

**സെക്ഷൻ ഓഫീസർ**